Draft #2 of File 31092/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Dec-2019 06:29 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനനടപടികൾ കൂടുതൽ സുതാര്യമാക്കണമെന്നും യോഗ്യത പരീക്ഷയുടെ മാർക്കിനും വെയിറ്റേജ് നൽകണമെന്നുള്ള സെനറ്റ് പ്രമേയത്തിലെ ശിപാർശ പരിഗണിച് സിൻഡിക്കേറ്റ് കൈകൊണ്ട തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 6439/AC B 7/2019/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 13.12.2019

---

പരാമർശം:-(1) 16.11.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 52/19.10/DDFS-31092/2019

(2) 2019 ജൂലൈ 27 ന് 10.00 മണിക്ക് സർവ്വകലാശാലയിലെ സെനറ്റ് ഹാളിൽ ചേർന്ന സെനറ്റ് യോഗത്തിൻറെ നടപടിക്കുറിപ്പ് III (9)

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനനടപടികൾ കൂടുതൽ സുതാര്യമാക്കണമെന്നും യോഗ്യതാ പരീക്ഷയുടെ മാർക്കിനും വെയിറ്റേജ് നൽകണമെന്നുമുള്ള പ്രമേയം 27 / 7 /2019 ൽ ചേർന്ന സെനറ്റ് യോഗത്തിൽ ഡോ . എസ് . അനസ് (അസിസ്റ്റന്റ് പ്രൊഫസർ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്) അവതരിപ്പിക്കുകയും അത് അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു.ഇതിൻറെ തുടർ നടപടിയായി ഈ വിഷയം 16 / 11 / 2019ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് സർവകലാശാലയിലെ പഠനവകുപ്പുകളിലെ പ്രവേശന നടപടികൾ ഇപ്പോൾ നിലവിലുള്ള രീതിയിൽ തുടരുവാൻ തീരുമാനിച്ചു. പഠനവകുപ്പുകളിലെ മുൻ വർഷങ്ങളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ഡോ. കെ. ജയചന്ദ്രൻ (സ്കൂൾ ഓഫ് ബയോസയൻസസ്) നെ ചുമതലപ്പെടുത്തുവാനും മേൽ പരാമർശം (1) പ്രകാരം കൂടിയ സിൻഡിക്കേറ്റ് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(3) ജെ.ആർ 2 (ഭരണം)&നോഡൽ ഓഫീസർ CAT 2020 , ഡി.ആർ 2 (അക്കാദമിക്)

(4) ഡോ. കെ. ജയചന്ദ്രൻ (സ്കൂൾ ഓഫ് ബയോസയൻസസ്)-തുടർ നടപടികൾക്കായി

(5) ഡോ.എസ്. അനസ്, അസ്സിസ്റ്റന്റ് പ്രൊഫെസർ, സ്കൂൾ ഓഫ്
കെമിക്കൽ സയൻസസ് (സെനറ്റിൽ പ്രമേയം അവതരിപ്പിച്ച അംഗം)

(6) എ.സി.സി 1 സെക്ഷൻ

Draft #2 of File 31092/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Dec-2019 06:29 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം